പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4761 | 28.06.2013 ൽ മറുപടിയ്ക്ക് |
| കൗമാരപ്രായക്കാരുടെ ആത്മഹത്യാ പ്രവണത | |
| ചോദ്യം | ഉത്തരം |
| ശ്രീ. എം. ഉമ്മർ<br>" കെ.എം.ഷാജി<br>" കെ.എൻ.എ. ഖാദർ<br>" എൻ. എ. നെല്ലിക്കുന്ന് | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) കൗമാരപ്രായക്കാരുടെ ആത്മഹത്യാ പ്രവണതക്കുള്ള കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) കൗമാര പ്രായക്കാരുടെ ആത്മഹത്യാ പ്രവണതയ്ക്കുള്ള കാരണം സംബന്ധിച്ച പ്രത്യേക പഠനങ്ങളൊന്നും സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിയിട്ടില്ല. |
| (ബി) ആത്മഹത്യകളുടെ കാര്യത്തിൽ സംസ്ഥാനം ദേശീയ ശരാശരിയെക്കാൾ മുകളിലാണെന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ;<br><br>(സി) ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നിയന്ത്രണ സംവിധാനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) പൊതുവായി സംസ്ഥാനത്തെ ആത്മഹത്യാ നിരക്ക് ദേശീയ ശരാശരിയെക്കാൾ മുകളിലാണ്. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് കൗൺസിലിംഗ്, കിശോരി ശക്തിയോജന, രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസെന്റ് ഗേൾസ് (സബല) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന ആത്മഹത്യാ പ്രവണതകളെ കുറിച്ച് അവബോധം നൽകുന്നു. കേരള സാമൂഹ്യ സുരക്ഷാ മിഷനും, നാഷണൽ റൂറൽ ഹെൽത്ത് മിഷനും, നിംഹാൻസും, ആരോഗ്യ വകുപ്പിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗവുമായി യോജിച്ച് യുണിസെഫിന്റെ സഹായത്തോടെ ദേശീയതലത്തിലും ജില്ലാതലത്തിലും ശിൽപശാലകൾ (SPACE) സംഘടിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യനീതി വകുപ്പ് നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് കൊണ്ട് ആത്മഹത്യാവിരുദ്ധ ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. |
| (ഡി) സാമ്പത്തിക പ്രശ്നങ്ങൾ മൂലമുള്ള ആത്മഹത്യകളുടെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) ലഭ്യമായ കണക്കുകൾ പ്രകാരം ഏകദേശം 5.2% ആത്മഹത്യകൾ സാമ്പത്തിക പ്രശ്നങ്ങൾ മൂലമാണെന്നാണ് വ്യക്തമാകുന്നത്. |

സെക്ഷൻ ഓഫീസർ